നംപർ - എൻ2/41560/10/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി. 22.12.2010
Phone: 0471-2328438
Email: scholarshipdpi@gmail.com

ദാതാവ്

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ജില്ലാവിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും

സർ,

വിഷയം- പൊ.വി - വിവിധ സ്ക്കോളർഷിപ് പദ്ധതികളുടെ നീക്കിയിരിപ്പ് സംഖ്യ - 31.12.2010 ലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള വീഡിയോകോൺഫറൻസ് - സംബന്ധിച്ച്.

സൂചന- ഈ ഓഫീസിലെ 17.12.2010 ലെ ഇതേ നമ്പർ ഉത്തരവ്

പൊതുവിദ്യാഭ്യാസഡയറക്ടറുടെ മേൽനോട്ടത്തിൽ വിവിധ സ്ക്കോളർഷിപ് പദ്ധതികൾ കേരളത്തിലെ വിവിധ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥിവിദ്യാർഥിനികൾക്കായി കേന്ദ്രസംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ച് നടപ്പിൽ വരുത്തിയിട്ടുള്ളത് അറിവുള്ളതാണല്ലോ. ഇത്തരം സ്ക്കോളർഷിപ് പദ്ധതികളുടെ വിതരണവുമായി ബന്ധപ്പെട്ട് ചില ജില്ലാവിദ്യാഭ്യാസ ഓഫീസുകളിൽ ഈ ഓഫീസിലെ ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ മിക്ക ഓഫീസുകളിലും വിതരണം നടത്തിയശേഷവും, വിതരണം നടത്താതെയും വലിയ തുകകൾ നീക്കിയിരിപ്പുള്ളതായി കണ്ടെത്തിയിരിക്കുകയാണ്.

അത്തരം സംഖ്യകളുടെ വിനിയോഗം, തുടർനടപടി എന്നിവ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി 31.12.2010 ന് രാവിലെ 11 മണിയ്ക്ക് ബഹു.ഡി.പി.ഐ ഒരു വീഡിയോ കോൺഫറൻസ് നിശ്ചയിച്ചിരിക്കുകയാണ്.

ആയതിലേയ്ക്ക് അന്നേദിവസം നിശ്ചിതസമയത്ത് വിദ്യാഭ്യാസ ഉപഡയറക്ടർ, സെക്ഷൻ സൂപ്രണ്ട്, സെക്ഷൻക്ലർക്ക്, ജില്ലാവിദ്യാഭ്യാസ ആഫീസർ, സെക്ഷൻ സൂപ്രണ്ട്, സെക്ഷൻ ക്ലർക്ക്, ഉപജില്ലാവിദ്യാഭ്യാസ ആഫീസർ, സീനിയർ സൂപ്രണ്ട്, സെക്ഷൻ ക്ലർക്ക് എന്നിവർ ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട എഡ്യൂസാറ്റ് സ്റ്റുഡിയോകളിൽ സന്നിഹിതരാകേണ്ടതാണെന്ന് അറിയിക്കുന്നു. പ്രസ്തുത വീഡിയോകോൺഫറൻസിനു പങ്കെടുക്കാത്തവരുടെ പേരിൽ കർശനനടപടികൾ കൈക്കൊള്ളുന്നതുമാണ്.

ഇതോടൊപ്പം നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് തയ്യാറാക്കിയ രേഖകൾ കൂടെ വീഡോയോകോൺഫറൻസിനുവരുമ്പോൾ കൊണ്ടുവരാന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ഒപ്പ്

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

അംഗീകാരത്തോടെ

സൂപ്രണ്ട്

ഉള്ളടക്കം - മേൽപ്പറഞ്ഞവ

## പ്രീ-മെട്രിക് സ്കോളർഷിപ്പ് സ്കീം

1. 2008-09 ൽ അനുവദിച്ച പ്രീ-മെട്രിക് സ്കോളർഷിപ്പ് തുക വിതരണത്തിനു ശേഷം നീക്കിയിരിപ്പായ തുകയുടെ സ്റ്റേറ്റ്മെന്റ്, വിശദീകരണം സഹിതം എല്ലാ ജില്ലാവിദ്യാഭ്യാസ ആഫീസർമാരും ഹാജരാകേണ്ടതാണ്.

2. 2009-10 ൽ പ്രീ-മെട്രിക് സ്കോളർഷിപ്പ് 2 ഗഡുക്കളായി അനുവദിച്ചിരുന്നു. ആയത് വിതരണത്തിന് ശേഷം നീക്കിയിരിപ്പായ തുകയുടെ സ്റ്റേറ്റ്മെന്റ് വിശദീകരണം സഹിതം എല്ലാ ജില്ലാവിദ്യാഭ്യാസ ആഫീസർമാരും ഹാജരാകേണ്ടതാണ്.

## നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ്

1. എൻ.എം.എം.എസ് 2008-09 ലെ (ആഗസ്ത് 2008 ലെ പരീക്ഷ) എല്ലാ വിജയികൾക്കും തുക അക്കൗണ്ട് വഴി 9000/- രൂപ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.

2. 2008 നവംബറിലെ വിജയികൾക്ക് 4500/- രൂപ നൽകിയിട്ടുണ്ട്. ടി വിവരം അന്വേഷിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

3. 2009 നവംബറിൽ നടത്തിയ പരീക്ഷാവിജയികളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ നൽകിയതിൽ ധാരാളം തെറ്റുകൾ കടന്നുകൂടിയിട്ടുണ്ട്. ടി വിദ്യാർത്ഥികളുടെ പാസ്സ് ബുക്ക് പരിശോധിച്ച് തെറ്റ് തിരുത്തി അടിയന്തിരമായി ഇ-മെയിൽ ചെയ്യേണ്ടതാണ്.

4. 2008 നവംബറിൽ സ്കോളർഷിപ്പ് വിജയികളായ 448 വിദ്യാർത്ഥികൾക്ക് അക്കൗണ്ട് നമ്പറും ഐ.എഫ്.എസ്.സി തെറ്റും കാരണം തുക നൽകാൻ ഇതുവരേയും സാധിച്ചിട്ടില്ല. ടി ലിസ്റ്റ് ഈ ഓഫീസിൽ നിന്നും തെറ്റ് തിരുത്തുന്നതിനായി മെയിൽ ചെയ്തിട്ടുണ്ട്. ശരിയായവിവരങ്ങൾ അടിയന്തിരമായി ഈ ഓഫീസിലേക്ക് മെയിൽ ചെയ്തുതരേണ്ടതാണ്.

## മുസ്ലീം നാടാർ സ്കോളർഷിപ്പ്

1. 2010-11 ലെ മുസ്ലീം/നാടാർ/ആംഗ്ലോ ഇൻഡ്യൻ മറ്റു പിന്നോക്ക/മുന്നോക്ക വിഭാഗത്തിലെ ദാരിദ്ര്യരേഖയ്ക്കു താഴെവരുമാനമുള്ള പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്/ എൽ.എസ്സ്.എസ്സ്/യു.എസ്സ്.എസ്സ്/ഗ്രാമപ്രദേശങ്ങളിലെ സമർത്ഥരായ കുട്ടികൾക്കുള്ള നാഷണൽ സ്കോളർഷിപ്പ് എന്നിവയുടെ വിതരണം നടത്തി വിനിയോഗസർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

2. Arrear തുക ആവശ്യമുള്ളവർ വർഷം, എണ്ണം, തുക, ശീർഷകം ഇവ വ്യക്തമാക്കണം.

3. മുൻവർഷങ്ങളിലെ സ്കോളർഷിപ്പ് തുക ബാക്കിയുണ്ടെങ്കിൽ അത് 0202-01-102-92-receipts from other items (HS), 0202-01-101-99-receipts from other items (UP) അടയ്ക്കേണ്ടതാണ്.

4. ഈ വർഷം (2010-11) തുക ബാക്കിയുണ്ടെങ്കിൽ മാർച്ച് 20 ന് മുമ്പ് ട്രഷറിയിൽ അതാത് ശീർഷകങ്ങളിൽ തിരിച്ചടയ്ക്കേണ്ടതാണ്.

5. 2006-07 മുതൽ 2010-11 വരെയുള്ള മുസ്ലീം/നാടാർ സ്കോളർഷിപ്പ് ലിസ്റ്റ് തയ്യാറാക്കേണ്ടവിധം

   തദ്ദേശസ്വയംഭരണാധികാരികൾക്ക് സമർപ്പിക്കുന്ന ലിസ്റ്റിന്റെ പകർപ്പ് പ്രഥമാദ്ധ്യാപകർ സി.ഡിയിലാക്കി എ.ഇ.ഒ/ഡി.ഇ.ഒ ആഫീസുകളിൽ എത്തിക്കുകയും എ.ഇ.ഒ/ഡി.ഇ.ഒ ലിസ്റ്റ് കൺസോളിഡേറ്റ് ചെയ്ത് സി.ഡി യിൽ ആക്കി ഡി.ഡി. ആഫീസിൽ നൽകേണ്ടതും, ടി ലിസ്റ്റ് കൺസോളിഡേറ്റ് ചെയ്ത് ഡി.ഡി.മാർ ഡി.പി.ഐ യിൽ നൽകേണ്ടതാണ്.

6. ഗ്രാമപ്രദേശങ്ങളിലെ സമർത്ഥരായ കുട്ടികൾക്കുള്ള നാഷണൽ സ്കോളർഷിപ്പ് 39-ാം ബാച്ച് തുക നൽകുന്നതോടൊപ്പം റിന്യൂവൽ പ്രൊഫോർമ പൂരിപ്പിച്ച് വാങ്ങുകയും ടി പ്രൊഫോർമ ഡി.പി.ഐ യിൽ നൽകേണ്ടതുമാണ്.

7. 2011-12 വർഷത്തേയ്ക്കുള്ള മുസ്ലീം/നാടാർ ലിസ്റ്റ് 6th working day statement തയ്യാറാക്കുന്നതോടൊപ്പം തയ്യാറാക്കുകയും പ്രവർത്തന കലണ്ടർപ്രകാരം ബന്ധപ്പെട്ട ആഫീസുകളിൽ എത്തിക്കേണ്ടതുമാണ്. കാലതാമസം നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.